(തുക കോടിയിൽ)

വർഷം	വിദേശ വായ്പ (തനി)	കേന്ദ്ര വിഹിതം	റവന്യൂ വരുമാനം	മറ്റു പബ്ലിക്ക് അക്കൗണ്ട് വരുമാനം (തനി)
2014-15	402.84	15434.28	57950.47	5900.83

(ബി) പ്രസ്തുത വർഷത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം, മറ്റാനുകൂല്യം എന്നീയിനത്തിൽ 21366.87 കോടി രൂപയും പെൻഷൻ ഇനത്തിൽ 11252.67 കോടി രൂപയും മറ്റു ചെലവിനത്തിൽ 44124.58 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കായി 14252.27 കോടി രൂപ ചെലവഴിച്ചു. ആയതിന്റെ വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക

109 (3618) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര മാസത്തെ കുടിശ്ശിക നിലവിലുണ്ട്; ഇത് കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നേക്ക് കൊടുത്തുതീർക്കും; വ്യക്തമാക്കുമോ;

(ബി) വേതനം അതാത് മാസം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇവരുടെ വേതനം 1% കൂട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; ഇവരുടെ ക്ഷേമനിധി, പെൻഷൻ എന്നിവ പുനഃപരിശോധിച്ച് പെൻഷൻ 5000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) മഹിളാ പ്രധാൻ, എസ്.എ.എസ്. ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. നവംബർ ഉൾപ്പെടെ ആറ് മാസത്തെ പ്രതിഫല കുടിശ്ശിക നിലവിലുണ്ട്. അത് നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക നൽകണമെന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. പ്രതിഫലം കൂട്ടുന്ന കാര്യവും ക്ഷേമനിധി, പെൻഷൻ എന്നിവ വർദ്ധിപ്പിക്കുന്ന കാര്യവും ഇപ്പോൾ പരിഗണനയിൽ ഇല്ല.

ദേശീയ സമ്പാദ്യ പദ്ധതി നിക്ഷേപം

110 (3619) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ദേശീയ സമ്പാദ്യപദ്ധതിയിലെ മിച്ച നിക്ഷേപം ഓരോ വർഷവും എത്ര രൂപാ വീതമാണ് സംസ്ഥാനത്തിനു ലഭിച്ചത്;

(ബി) ഏതെല്ലാം വകുപ്പിലെ സേവനങ്ങൾക്കാണ് ദേശീയ സമ്പാദ്യപദ്ധതിയിൽ നിക്ഷേപം വേണമെന്ന് നിഷ്കർച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സേവനങ്ങൾക്കും നിഷ്കർഷിച്ചിട്ടുള്ള നിക്ഷേപം എത്രയെന്ന് വ്യക്തമാക്കുമോ:

ഉത്തരം

(എ)

വർഷം	സംസ്ഥാനത്തിന് വായ്പയായി ലഭിച്ച ദേശീയ ലഘു സമ്പാദ്യ നിധിയിലെ (NSSF) മിച്ചനിക്ഷേപം (തുക ലക്ഷം രൂപയിൽ)
2011-2012	0
2012-2013	63,004
2013-2014	56,514
2014-2015	1,13,210 *
2015-2016 (10-12-2015 വരെ)	33,504 *

* വകുപ്പുതല കണക്കുകൾ പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly